**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2284** **09-02-2023 - ൽ മറുപടിയ്ക്ക്**

**അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കെട്ടിട നിർമാണ ചട്ടങ്ങളിലെ അജ്ഞത മൂലം നടപടിക്രമങ്ങൾ പാലിക്കാതെ നിലവിലെ വീട്ടുകൾ പുതുക്കിപ്പണിത നിരവധിപ്പേർ കെട്ടിട നമ്പർ ലഭിക്കാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലെ അനധികൃത നിർമ്മാണം സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് പൊളിച്ച് മാറ്റാമെന്ന സമ്മതപത്രം വാങ്ങി കെട്ടിട നികുതി സ്വീകരിച്ച് കെട്ടിട നമ്പർ നൽകി ക്രമപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | അനധികൃത നിർമ്മാണം സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് പൊളിച്ച് മാറ്റാമെന്ന സമ്മതപത്രം വാങ്ങി കെട്ടിട നികുതി സ്വീകരിച്ച് കെട്ടിട നമ്പർ നൽകി ക്രമപ്പെടുത്തുവാൻ നിലവിൽ നിയമ വ്യവസ്ഥ ഇല്ലാത്തതാണ്. എന്നാൽ ഇത്തരം കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി നികുതി പിരിച്ച വരുന്നുണ്ട്. |
| (സി) | അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവൽകരിക്കൽ പരിഗണയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (സി) | ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. The Kerala Panchayat Building (Regularisation of Unauthorised Construction) Rules 2018 (സ.ഉ(പി)നം.12/2018/ത.സ്വ.ഭ.വ തീയതി 15/02/2018) ,The Kerala Municipality Building (Regularisation of Unauthorised Construction) Rules 2018 (സ.ഉ(പി)നം.11/2018/ത.സ്വ.ഭ.വ തീയതി 15/02/2018) പ്രകാരം 31.07.2017 വരെ നിർമ്മാണമോ , കൂട്ടിച്ചേർക്കലോ, പുനർനിർമ്മാണമോ, പൂർത്തീകരിച്ച കെട്ടിടങ്ങളെ വ്യവസ്ഥകൾക്ക് വിധേയമായി നിശ്ചിത ഫീസ് ഈടാക്കി ക്രമവത്ക്കരിക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. ഈ ചട്ടങ്ങൾ പ്രകാരം ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടിയിരുന്ന കാലയളവ് ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ 1319 ദിവസങ്ങൾക്കുള്ളിൽ ആയിരുന്നു.നിലവിൽ പ്രസ്തുത കാലാവധി അവസാനിച്ചിരിക്കയാണ്.പ്രസ്തുത ചട്ടം പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ